LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാനടപടികൾ

ഏഴാം കേരള നിയമസഭ

പത്താം സമ്മേളനം

1985 സെപ്റ്റംബർ 23, തിങ്കൾ

വാല്യം LXV] ഔദ്യോഗിക റിപ്പോർട്ട്]നമ്പർ 13

നിയമസഭ 1985 സെപ്റ്റംബർ 23–ാം തീയതി തിങ്കളാഴ്ച രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ അസംബ്ലി ചേംബറിൽ കൂടി.

1. അടിയന്തിര പ്രമേയം

ഹൈക്കോടതി ജഡ്ജിയുമായി ബന്ധപ്പെടാൻ ശ്രമിച്ചുവെന്ന വാർത്ത.

മി. സ്പീക്കർ: മുൻമന്ത്രി ശ്രീ. ആർ. ബാലകൃഷ്ണപിള്ളയ്ക്കെതിരായി ശ്രീ. കെ.സി. ചാണ്ടി ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഹർജിയെ സംബന്ധിച്ച്, ഹൈക്കോടതി പരാമർശനം വരുന്നതിന്റെ തലേദിവസം 4–6–1985 രാത്രി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഹൈക്കോടതി ജഡ്ജിയുമായി ഫോണിൽ ബന്ധപ്പെടാൻ ശ്രമിച്ചു എന്നതിന് തെളിവ് ലഭിച്ചതിനെ തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരാവസ്ഥയെക്കുറിച്ച് ചർച്ച ചെയ്യാൻ ഇന്നത്തെ സഭാനടപടികൾ നിറുത്തി വയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ. ബേബിജോൺ, എം. വി. രാഘവൻ, കെ. പി. പ്രഭാകരൻ, എ.സി. ഷൺമുഖദാസ്, കെ. ചന്ദ്രശേഖരൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. കെ. കരുണാകരൻ): സർ, ഇല്ലസ്ട്രേറ്റഡ് വീക്കിലിയിൽ വന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ഇങ്ങനെയൊരു പ്രമേയം പ്രതിപക്ഷം സഭയിൽ കൊണ്ടുവന്നിട്ടുള്ളത്. ഒരു ആഴ്ചപ്പതിപ്പിലെ ഒരു വാർത്തയുടെ അടിസ്ഥാനത്തിൽ അടിയന്തിരപ്രമേയം വരുന്നത് ഒരുപക്ഷേ ആദ്യമായിട്ടായിരിക്കാം, ഏതായാലും ആ വാർത്ത നൂറ് ശതമാനവും സത്യവിരുദ്ധമാണ്. ഞാൻ ഒരിക്കലും സമ്പർക്കപ്പെടാൻ ശ്രമിച്ചിട്ടില്ല. ജഡ്ജിമാരുമായി ഒരു കേസിനെ സംബന്ധിച്ച് സംസാരിക്കാനുള്ള ഒരു സമീപനം എന്റെ ഭാഗത്തു നിന്നും, എന്റെ ജീവിതത്തിൽ ഉണ്ടായിട്ടില്ല. ഏതായാലും ശരി, ഇത് മുഴുവനും അടിസ്ഥാനരഹിതമാണ്. പത്ര റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഇത് ഉന്നയിക്കുന്ന ആളുകളോട് ഒരു കാര്യം പറയുകയാണ്–

ആ പത്രറിപ്പോർട്ട് തെറ്റാണെന്നും, രേഖകളും കൃത്രിമമാണെന്നും സത്യസന്ധമല്ലായെന്നും ഇന്ന് പത്രങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്; ആ രേഖകളുടെ ഫോട്ടോസ്റ്റാറ്റ് ഉൾപ്പെടെ, കാര്യകാരണസഹിതം, ഇത്രയും വ്യക്തമായിരിക്കേ എന്തെങ്കിലും കൂടുതൽ വിശദീകരണം ആവശ്യമുണ്ടെന്നു ഞാൻ കരുതുന്നില്ല. ഇതിനെത്തുടർന്ന് ഈ സംസ്ഥാനത്ത് യാതൊരു പ്രത്യേക സാഹചര്യവും ഉണ്ടായിട്ടില്ല. കോടതിയുടെ പരിപാവനമായ സ്ഥിതിക്ക് കളങ്കം വരുത്താവുന്ന എന്തെങ്കിലും പരാമർശം ചർച്ചയിൽ ഉണ്ടാകുന്നത് നിർഭാഗ്യകരമാണ്. എന്തായാലും എന്റെ ഭാഗത്തുനിന്നും ഇങ്ങനെ യാതൊരു വിധത്തിലുള്ള ശ്രമവും ഉണ്ടായിട്ടില്ല. ഇത് അടിസ്ഥാനരഹിതമാണ്. അതുകൊണ്ട് ഇത് അടിയന്തിരപ്രമേയമായി ചർച്ച ചെയ്യേണ്ട കാര്യവുമില്ല.

ശ്രീ. ബേബി ജോൺ: ബഹുമാന്യനായ മുഖ്യമന്ത്രി അടിയന്തിര പ്രമേയത്തിന്റെ നോട്ടീസിനെ സംബന്ധിച്ച് ഗവൺമെന്റിന്റെ ഭാഗത്തു നിന്നും, മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നുമുള്ള വിശദീകരണം നൽകി. അത് തീരെ തൃപ്തികരമല്ല. അതിന്റെ അടിസ്ഥാനത്തിൽ സഭാനടപടികൾ നിറുത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. പത്രറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമല്ല, അതിന് ആധാരമായ ഫോട്ടോസ്റ്റാറ്റ് കോപ്പികളുണ്ട്. ബഹുമാനപ്പെട്ട സ്പീക്കറുടെ അനുവാദമുണ്ടെങ്കിൽ ഞാൻ അത് സഭയിൽ ഹാജരാക്കാം. അല്ലാതെ വെറും പത്രറിപ്പോർട്ടിനെ മാത്രം അടിസ്ഥാനമാക്കിയല്ല അടിയന്തിരപ്രമേയം അവതരിപ്പിച്ചിരിക്കുന്നത്. ഇതിൽ അന്തർലീനമായിരിക്കുന്ന പ്രശ്നമെന്താണ്? വളരെ ലാഘവത്തോടുകൂടിയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞത്. ജനാധിപത്യ സംവിധാനത്തിന്റെ അടിസ്ഥാനപരമായ പ്രമാണങ്ങൾ ലംഘിക്കപ്പെടുന്നു എന്നുള്ളതാണ് ഇതിന്റെ കാതലായ ഭാഗം. മൂന്ന് പ്രധാന തൂണുകളാണ് നമുക്കുള്ളത്. എക്സിക്യൂട്ടീവ്, ജ്യുഡീഷറി, ലജിസ്ലേച്ചർ, ഇത് മൂന്നും പരസ്പരപൂരകങ്ങളാണ്. പക്ഷേ ഇത് സ്വതന്ത്രമായി സത്യസന്ധമായി പ്രവർത്തിച്ചാൽ മാത്രമേ നമ്മുടെ ഭരണസംവിധാനം വിജയിക്കുകയുള്ളൂ; നമ്മുടെ ജനാധിപത്യം സുരക്ഷിതമാക്കാൻ കഴിയുകയുള്ളൂ. ഇവിടെ വന്നിരിക്കുന്ന കാര്യമെന്താണ്? ജ്യുഡീഷ്യറിയെ സ്വാധീനം ചെയ്യാൻ എക്സിക്യൂട്ടീവ് ശ്രമിക്കുന്നു, അതിന്റെ തലവൻ ശ്രമിക്കുന്നു എന്നുള്ളതാണ്. അതല്ലേ പ്രധാനമായ കാര്യം? ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്ന് ആശ്രയിക്കുന്നത് എന്താണ്? ഇന്നത്തെ പത്രങ്ങളിൽ വന്നിരിക്കുന്നു എന്നാണ് അദ്ദേഹം പറയുന്നത്? ഞാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ചോദിക്കട്ടെ, ഇന്നത്തെ പത്രത്തിൽ വന്നിരിക്കുന്നത് അങ്ങയുടെ കക്ഷിയിൽപ്പെട്ട എം.പി.യുടെ പ്രസ്താവനയല്ലേ? ഇൻഡ്യൻ എക്സ്പ്രസ്സിൽ വന്നിരിക്കുന്നത് അങ്ങയുടെ കക്ഷിയുടെ എം. പി. പ്രൊഫസർ കെ.വി. തോമസ്സിന്റെ പ്രസ്താവനയല്ലേ? അതുതന്നെയാണ് വന്നിരിക്കുന്നത്. ഇങ്ങനെയൊരു വാർത്ത വന്നു. ടെലിഫോൺ എക്സ്ചേഞ്ചിൽ ആര് പരിശോധിച്ചു? ഉത്തരവാദപരമായിട്ട് ആ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥൻമാർ ആരെങ്കിലും ഇതുവരെ നിഷേധിച്ചിട്ടുണ്ടോ? ഇത് ചെറിയ കാര്യമാണോ? വളരെ ഗൗരവതരമായ ഒരു കാര്യം. ഈ സംസ്ഥാനത്തെ ബാധിക്കുന്ന ഈ രാജ്യത്തെ ബാധിക്കുന്ന അടിസ്ഥാനപ്രമാണങ്ങളെ ബാധിക്കുന്ന ഈ പ്രശ്നത്തിൽ, ഞാൻ അങ്ങയോടുള്ള ബഹുമാനത്തിന് യാതൊരു കുറവുമില്ലാതെതന്നെ പറയട്ടെ, പ്രൊഫസർ കെ.വി. തോമസ്സല്ല ഇതിന് മറുപടി പറയേ

LIBRARY ARCHIVES Kerala Legislative Assembly

ണ്ടത്. ഇതിന് മറുപടി പറയേണ്ടത് പോസ്റ്റൽ ഡിപ്പാർട്ടുമെന്റിലെ ആളുകളാണ്. അവരുടെ രേഖയാണ് പത്രത്തിൽ വന്നത്. ഇതിന് ആധികാരികമായി മറുപടി പറയാനുള്ള അവകാശം, മറുപടി പറയേണ്ടത് പോസ്റ്റൽ ഡിപ്പാർട്ടുമെന്റുകാരാണ്. ബഹുമാനപ്പെട്ട മുഖ്യ മന്ത്രിക്ക് നിഷേധിക്കാം. അത് മനസ്സിലാക്കാൻ കഴിയും. പക്ഷേ ഇവിടെ എന്താണ് പറഞ്ഞിരിക്കുന്നത്? ഞാൻ അതിന്റെ ഉള്ളടക്കത്തിലേക്ക് കടക്കുന്നില്ല. ടെലിഫോൺ നമ്പറിലേക്കും മറ്റ് കാര്യങ്ങളിലേക്കും ഞാൻ കടക്കുന്നില്ല. ഒരു വസ്തുത മനസ്സിലാക്കണം. ഇന്നത്തെ പത്രത്തിൽത്തന്നെ വന്നതിൽനിന്നും മനസ്സിലാകുന്നത്, ഈ ഡോക്യുമെന്റെല്ലാം ബോഗസ് ആണ്, ഫോർജ് ചെയ്തതാണ്, എന്ന് സ്ഥാപിക്കുവാനുള്ള ഒരു നല്ല ശ്രമം നടത്തിയിട്ടുണ്ട് എന്നാണ്. ഞാൻ അതിന്റെ ഉള്ളടക്കത്തിലേക്ക് കടക്കുന്നില്ല. അതിൽത്തന്നെ പറഞ്ഞിരിക്കുന്നത് ഒരു ഡോക്യുമെന്റിന്റെ കാര്യത്തിൽ, ഫാക്സ് ഡോക്യുമെന്റിന്റെ കാര്യത്തിൽ ഫോർജ് ചെയ്തിരിക്കുന്നു. ഡോക്യുമെന്റ് നമ്പർ സംബന്ധിച്ചുള്ള തർക്കമാണ്. പത്രത്തിൽത്തന്നെയും, പ്രൊഫസർ തോമസിന്റെ പ്രസ്താവനയെപ്പറ്റി പറഞ്ഞിരിക്കുന്നത് Professor Thomas added that the Subscriber Fault Card of Justice Menon's phone is missing from the Exchange എന്നാണ്. ഇത് ഒരു പ്രധാനപ്പെട്ട രേഖയാണെന്നാണ് എല്ലാപേരും സമ്മതിക്കുന്നത്. The Subscriber Fault Card of Justice Menon's phone is missing from the Exchange. അതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പിയുണ്ട്. എങ്ങനെയാണ് രേഖ എക്സ്ചേഞ്ചിൽ നിന്നും അപ്രത്യക്ഷമായത്? അതൊരു പ്രധാനതെളിവല്ലേ? ഇതിനെക്കുറിച്ച് പത്രക്കാർ ചോദിച്ചു; ടെലിഫോൺ അതോറിറ്റിസിനോട്. അക്കാര്യത്തെക്കുറിച്ച് അവർ മൗനം പാലിച്ചിരിക്കുകയാണ്. എങ്ങനെ പോയി, എന്താണ് എന്നറിയുകയില്ല. ഇതിൽ പറയുന്ന വാദമുഖങ്ങളിലേയ്ക്കൊന്നും ഞാൻ പോകുന്നില്ല. ഇവിടത്തെ എസ്.ടി.ഡി. കംപ്ലയിന്റിൽ വിളിച്ചു പറഞ്ഞാൽ മതി. ഇന്ന നമ്പരിൽനിന്ന് വിളിക്കുകയാണ്, ഇന്ന നമ്പർ കിട്ടുന്നില്ലായെന്ന്, ഇവിടത്തെ എസ്.ടി.ഡി. കംപ്ലയിന്റിൽ വിളിച്ചു പറഞ്ഞാൽ അവർ വിളിച്ചു പറയും, ഇന്ന നമ്പരിൽനിന്ന് പരാതി വന്നിരിക്കുന്നു, ഇന്ന നമ്പർ കിട്ടുന്നില്ലാ, അത് നോക്കണമെന്ന്. അവിടെ എഴുതിയിടുകയും ചെയ്യും. അതുകൊണ്ട് തിരുവനന്തപുരത്തുനിന്നും നേരിട്ട് എറണാകുളം എസ്.ടി.ഡി. കംപ്ലയിന്റിലേക്കോ അല്ലെങ്കിൽ ലോക്കൽ കംപ്ലയിന്റിലേക്കോ വിളിക്കുന്നുവെന്നു പറയുന്നത് അപ്രായോഗികമാണ്, സാദ്ധ്യമല്ല എന്ന വാദം നിൽക്കുന്നില്ല. കാരണം നേരിട്ട് വിളിക്കണമെന്നില്ല. ഇവിടത്തെ എസ്.ടി.ഡി. കംപ്ലയിന്റിൽ വിളിച്ചു പറഞ്ഞാൽ ഇവിടെനിന്ന് എറണാകുളത്തേയ്ക്ക് വിളിച്ചു പറയും. ഇവിടെ കുറിച്ചുമിടും. അതിന്റെ പ്രധാനരേഖയാണ് കാർഡ്. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത്, നമുക്ക് ചില കീഴ്വഴക്കങ്ങളും വേണം. ഇതുവരെയുള്ള നടപടിക്രമം പരിശോധിച്ചാൽ ഈ ഗവൺമെന്റ് സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള ജ്യുഡീഷ്യറി.....

(ബഹളം)

ഇതിൽ ആരേയും പ്രത്യേകിച്ച് എന്തെങ്കിലും ചെയ്യുക എന്നുള്ളതല്ല. അടിസ്ഥാനപരമായ ചില കാര്യങ്ങളും ഇതിൽ അന്തർഭവിച്ചിരിക്കുന്നതുകൊണ്ടാണ്. ഈ ഗവൺമെന്റിന്റെ ഇതുവരെയുള്ള പ്രവർത്തനം നോക്കിയാൽ സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള ജ്യുഡീഷ്യറി

LIBRARY ARCHIVES Kerala Legislative Assembly

യേയും, സ്വതന്ത്രമായി പ്രവർത്തിക്കാനുള്ള ലെജിസ്ലേച്ചറിനേയുമൊക്കെ ത്തന്നെ സ്വന്തം കക്ഷത്ത്, കൈയ്ക്കുള്ളിൽ ഒതുക്കാനുള്ള പ്രവണത ഇന്ന് ഭരണാധികാരികളിൽ കാണുന്നുണ്ട്. അടുത്ത ദിവസങ്ങളിൽ നടന്ന കാര്യങ്ങളും അതിന് തെളിവാണ്. ഞാൻ അതിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. അതുകൊണ്ട് ഇൻഡ്യൻ ജനാധിപത്യത്തെ തകർക്കുന്നതിനുള്ള ഒരു പ്രവർത്തനമാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ഭാഗത്തുനിന്നും വന്നിരിക്കുന്നത് എന്നുള്ള ആരോപണമുണ്ട്. ഇന്ന് ധാരാളം സംശയങ്ങളും വന്നിട്ടുണ്ട്. ലീഗൽ സർക്കിളിൽ സംശയമുണ്ട്, അല്ലാത്തവർക്കും സംശയമുണ്ട്. സാർവ്വത്രികമായ സംശയമാണ്; നമ്മുടെ സംസ്ഥാനത്തും നമ്മുടെ രാജ്യത്തും ഉണ്ടായിരിക്കുന്നത്. ആ സാഹചര്യത്തിൽ ആ സംശയ നിവാരണം വരുത്താനുള്ള നടപടിയെടുക്കേണ്ടതല്ലേ? ആ നടപടി ഞങ്ങളും പ്രതീക്ഷിച്ചു. ബഹുമാന്യനായ മുഖ്യമന്ത്രി എണീറ്റ് ഇത്ര ഗൗരവതരമായ കാര്യമായതുകൊണ്ട് നമുക്ക് ചർച്ച ചെയ്യാമെന്ന് പറയുമെന്നാണ് ഞങ്ങളും പ്രതീക്ഷിച്ചത്. പത്രവാർത്തകളെ മാത്രം അടിസ്ഥാനമാക്കിയല്ല. അങ്ങയുടെ അനുവാദമുണ്ടെങ്കിൽ ഇതിന്റെ ഫോട്ടോസ്റ്റാറ്റ് കോപ്പി ഹാജരാക്കാം. ഫോട്ടോസ്റ്റാറ്റ് കോപ്പിയല്ല ആവശ്യമെന്നു വന്നാൽ ആ സമയത്ത് ഒറിജിനലും ഹാജരാക്കാൻ യാതൊരു ബുദ്ധിമുട്ടുമില്ല എന്നുള്ള കാര്യം കൂടി ഞാൻ അങ്ങയെ അറിയിച്ചുകൊള്ളുന്നു. അതുകൊണ്ട് സഭാനടപടികൾ നിറുത്തിവച്ച് ഇത് ചർച്ചചെയ്യണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്.

മുഖ്യമന്ത്രി (ശ്രീ.കെ.കരുണാകരൻ): പ്രൊഫസർ തോമസ്സിന്റെ റിപ്പോർട്ടല്ല, മലയാളമനോരമ ലേഖകൻ ജോണിന്റേയും മാതൃഭൂമി സ്റ്റാഫ് റിപ്പോർട്ടറുടേയും റിപ്പോർട്ടുകളാണ് ഞാൻ പരാമർശിച്ചത്. മനോരമയുടെ റിപ്പോർട്ട് ഉണ്ടല്ലോ, അത് വേണമെങ്കിൽ തരാം. ഇതിൽ ഞാൻ വളരെ വ്യക്തമായി പറഞ്ഞു എന്റെ ഭാഗത്തു നിന്ന് അങ്ങനെ ഒരു സംഭവം ഉണ്ടായിട്ടില്ലെന്ന്. ഒരുകാര്യം വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. കൃത്രിമമായ രേഖകൾ സൃഷ്ടിച്ചുകൊണ്ട് ഏതെങ്കിലും ഒരു പത്രത്തിൽ അല്പം പേജ് സ്വാധീന വലയത്തിൽ കിട്ടുമെന്ന് കരുതിയുള്ള പ്രവർത്തനങ്ങളും നമ്മുടെ പൊതു ജീവിതത്തിന് സഹായകരമല്ല. ഏതായാലും ശരി ഇല്ലസ്ട്രേറ്റഡ് വീക്കിലി കൃത്രിമമായ രേഖ ഉണ്ടാക്കിയതിനെക്കുറിച്ച് കാര്യമായ കർക്കശമായ നിയമപരമായ നടപടി ഗവൺമെന്റ് സ്വീകരിക്കുമെന്ന് വ്യക്തമാക്കാൻ ഞാനാഗ്രഹിക്കുകയാണ്. ഇത്തരത്തിലുള്ള നിന്ദ്യവും നീചവുമായ സമീപനം നമ്മുടെ പൊതു ജീവിതത്തിൽ നല്ലതല്ല. ഇത്തരത്തിലുള്ള ഒരു സമീപനം ഗവൺമെന്റിനുനേരേ കൊണ്ടുവരാൻ പ്രതിപക്ഷത്തിന് ഒരു വീക്കിലിയിലെ ഒരു ലേഖനവും ഒരു ഫോട്ടോസ്റ്റാറ്റും ആശ്രയിക്കേണ്ടിവന്നതിൽ ഞാൻ സഹതപിക്കുകയാണ്. ഇതിനുമുമ്പ് ഒരു ഫോട്ടോസ്റ്റാറ്റിന്റെ കാര്യം സഭയിലുണ്ടായി. ശ്രീ. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് ഞാനും ബേബിജോണും ഉണ്ടായിരുന്നപ്പോഴാണ് അതുണ്ടായത്. ആ ഫോട്ടോസ്റ്റാറ്റിന്റെ സ്ഥിതി എന്താണെന്ന് അറിയാമല്ലോ? എന്തായാലും ഇതു സംബന്ധിച്ച് കർശനമായ നടപടികൾ സ്വീകരിക്കുന്നതാണ്. ഇത് കൃത്രിമമാണ്. എന്റെ ഭാഗത്തുനിന്ന് അങ്ങനെ യാതൊരു പരാമർശവും ഉണ്ടായിട്ടില്ല. അതുകൊണ്ട് സഭ നിർത്തിവച്ച് ചർച്ചചെയ്യേണ്ട പ്രശ്നമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അനുമതി നിഷേധിക്കുന്നു.

ശ്രീ. എം.വി. രാഘവൻ: നമ്മുടെ കോടതികളിൽ 'എക്സിക്യൂട്ടീവ് ഇടപെടുക എന്നു പറയുന്നത് ഭരണഘടനയുടെകൂടി ലംഘനമാണ്. മുഖ്യമന്ത്രി അദ്ദേഹത്തിന്റെ പരിപാവനത്വത്തെപ്പറ്റി ഇവിടെ പറഞ്ഞു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഭ്യന്തരമന്ത്രിയായിരിക്കുമ്പോഴും ഞാൻ പ്രതിപക്ഷത്തിരിക്കുമ്പോഴും ഇതേ മുഖ്യമന്ത്രി തന്നെ രാജൻ കേസിനെ സംബന്ധിച്ച് ഈ സഭയിൽ പറഞ്ഞത് കള്ളമാണെന്ന് അന്ന് തെളിഞ്ഞു. ആ കേസിനെ തുടർന്നാണ് ഈ മുഖ്യമന്ത്രി അന്ന് രാജിവച്ചത്. അത് ഇവിടെ വ്യക്തമാണ്. അതുകൊണ്ട് ഇതിനെ സംബന്ധിച്ചിടത്തോളം വളരെ വ്യക്തമാണ്. ഏതെങ്കിലും ഒരു പത്രത്തിൽ എഴുതിയത് മാത്രമല്ല ആ പത്രം ഫാക്ട് കാർഡിന്റെ ഫോട്ടോസ്റ്റാറ്റ് പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. വേണമെങ്കിൽ അതിന്റെ ഒറിജിനൽതന്നെ ഹാജരാക്കാമെന്ന് ഇവിടെ പറഞ്ഞിട്ടുണ്ട്. ധൈര്യം ഉണ്ടോ അതിനെ സ്വീകരിക്കാൻ?

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ടെലഫോൺ ഡിപ്പാർട്ടുമെന്റിനെ കൊണ്ട് നിരാകരിപ്പിക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ല. അതിന് ശ്രമിക്കുന്നുണ്ടാകും, നാളെ നിരാകരിച്ചു എന്നു വരാം; ഇല്ല എന്നു ഞാൻ പറയുന്നില്ല. നാളെ നിരാകരിച്ചോ. പക്ഷെ വെളളിയാഴ്ച ആ പത്രം ബോംബെയിൽ ഇറങ്ങിയ ഉടനെ വിവരം കിട്ടിയ മുഖ്യമന്ത്രി ഈ തേച്ചുമാച്ചുകളയാൻ ഗൂഢാലോചന നടത്തുകയായിരുന്നു. മുഖ്യമന്ത്രിയുടെ അനുയായിയായിട്ടുള്ള ഒരു എം.പി.യെക്കൊണ്ട് ബ്രീഫ് ചെയ്യിച്ചുകൊടുത്തു. ജോൺ അല്ല, ജോണിന്റെ പേരുവച്ച് എഴുതാൻ മുഖ്യമന്ത്രിയുടെ അനുയായി എം.പി. നാണംകൊണ്ട് പറഞ്ഞതാണ്. കെ.വി. തോമസിന് ഈ സ്റ്റേറ്റുമെന്റ് കൊടുക്കാൻ **എവിടെനിന്നു** കിട്ടി? കെ.വി. തോമസാണ് കൊടുത്തതെങ്കിൽ **അതിനെക്കുറിച്ചുള്ള** അന്വേഷണത്തെ നേരിടാൻ ധൈര്യം ഉണ്ടോ? കെ.വി. **തോമസാണ്** ജോൺ ഉൾപ്പെടെയുള്ള പത്രക്കാരെ വിളിച്ച് ഈ സ്റ്റേറ്റുമെന്റ് ബ്രീഫ് ചെയ്തു കൊടുത്തത്. ഇന്ത്യൻ എക്സ്പ്രസ്സിന്റെ പത്രക്കാരൻ നിങ്ങളുടെ പേര് പറഞ്ഞാൽ മാത്രമേ റിപ്പോർട്ട് കൊടുക്കൂ എന്നു പറഞ്ഞപ്പോഴാണ് പേര് പറയാൻ സമ്മതിച്ചതാണ്. ഞാൻ പറയുന്നത്, ഈ രാജ്യത്തെ ജനാധിപത്യത്തേയും ഭാവിയേയും രക്ഷിക്കാൻ യാതൊരു താൽപ്പര്യവുമില്ല. സെക്ഷൻ ആഫീസുപോലെ നമ്മുടെ കോടതികളെ ആക്കുന്നു. എന്നാണ്. അതാണ് സ്ഥിതി. ആ കസേരയിൽ ഇരിക്കാൻ ശ്രീ. കരുണാകരൻ യോഗ്യനല്ല. ആ കസേരയിൽനിന്ന് ഇറങ്ങണം, എന്നിട്ട് അന്വേഷണം നടത്തണം. ഈ അടിയന്തിര പ്രമേയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. എം.വി. രാഘവനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

ശ്രീ. കെ.പി. പ്രഭാകരൻ: സർ, ഈ കാര്യം ചർച്ചയ്ക്ക് അനുവദിയ്ക്കേണ്ടതില്ല എന്ന മുഖ്യമന്ത്രിയുടെ നിലപാടിൽ എനിക്ക് ശക്തിയായ പ്രതിഷേധം ഉണ്ട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഏറ്റവും ഗൗരവാർഹമായ ഒരു പ്രശ്നമാണ് ഇവിടെ ഉന്നയിക്കപ്പെട്ടിരിക്കുന്നത്. ജുഡീഷ്യറിയിൽ എക്സിക്യൂട്ടീവ് അനർഹമായി

LIBRARY ARCHIVES Kerala Legislative Assembly

കൈകടത്തുന്നു എന്ന ആരോപണം ഈ സഭാതലത്തിൽ പലതവണ ഉയർന്നു വന്നിട്ടുള്ളതാണ്. ഇന്ന് കോടതിന്റെ വ്യക്തമായ തെളിവ് സഹിതം ഒരു പ്രശ്നം ഉന്നയിക്കപ്പെടുമ്പോഴും അത് മുഖ്യമന്ത്രി നിഷേധിച്ചതുകൊണ്ട് ഇല്ലാതാകുന്നില്ല; മുഖ്യമന്ത്രിയുടെ പാർട്ടിക്കാരനായ എം.പി. നിഷേധിച്ചതുകൊണ്ട് ഇല്ലാതാകുന്നില്ല. മലയാള മനോരമയുടേയും മാതൃഭൂമിയുടേയും ലേഖകൻമാർ എഴുതിയതുകൊണ്ട് ഇല്ലാതാകുന്നില്ല. മുഖ്യമന്ത്രിയെ സംബന്ധിച്ചും ഒരു ഹൈക്കോടതി ജഡ്ജിയെ സംബന്ധിച്ചുമുള്ള പരാമർശനമാണ്. അതിന്റെ വസ്തുത എന്താണെന്ന് ഈ രാജ്യത്തെ ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ ബാദ്ധ്യതയുണ്ട്. അത് ബോദ്ധ്യപ്പെടുത്തണമെങ്കിൽ മുഖ്യമന്ത്രിയ്ക്കും ഹൈക്കോടതി ജഡ്ജിക്കും അതീതമായി പ്രധാനമന്ത്രിയുടെ തന്നെ നേരിട്ടുള്ള നിയന്ത്രണത്തിൽ അന്വേഷണം നടത്തിക്കൊണ്ട് വസ്തുത പുറത്തുകൊണ്ടുവരേണ്ടതുണ്ട്. ഈ രാജ്യത്തെ ജനാധിപത്യത്തിന്റെ നിലനിൽപ്പിന് ജുഡീഷ്യറിയിലും, എക്സിക്യൂട്ടീവിലും, ലെജിസ്ലേച്ചറിലുമുള്ള ജനങ്ങളുടെ വിശ്വാസം സംരക്ഷിക്കാൻ ഇത് ആവശ്യമാണ്. ലെജിസ്ലേച്ചറിനെ കയ്യടക്കിയിട്ട്, ജുഡീഷ്യറിയെ കയ്യടക്കിയിട്ട്, ഒരു ഏകാധിപത്യത്തിലേക്കാണ് പോകുന്നത്. ഇതുപോലുള്ള കാര്യങ്ങളും ചർച്ചചെയ്യാൻ അനുവദിക്കാത്തതിൽ ശക്തിയായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. പി. പ്രഭാകരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി)

(ശ്രീ. എ.സി. ഷൺമുഖദാസ്: സർ, നിഷ്പക്ഷവും നീതിപൂർവ്വകവുമായ തീരുമാനം എടുക്കാൻ നമ്മുടെ ഹൈക്കോടതി ജഡ്ജിമാർക്ക് സാധിക്കണമെന്നുള്ളതുകൊണ്ടാണ് അവരെ സ്വാധീനിക്കരുത്, അവരുടെ തീരുമാനത്തിൽ ഒരു കാരണവശാലും പ്രേരണ ഉണ്ടാകരുതെന്നുള്ള രീതിയിൽ ഭരണഘടനാപരമായ പരിരക്ഷ അവർക്ക് നൽകിയിരിക്കുന്നത്. ആ പരിരക്ഷ അവർക്ക് നൽകിയിരിക്കുന്നതുകൊണ്ട് ഒരു കാരണവശാലും ബാഹ്യരംഗത്തുനിന്നുള്ള ഇടപെടലുകൾ അവരുടെ നടപടികളിൽ ഉണ്ടായിക്കൂടാ.

ഇന്ന് ഞങ്ങൾ തന്നിട്ടുള്ള അടിയന്തിരപ്രമേയത്തിന് ചർച്ച ആവശ്യമില്ലെന്ന് മുഖ്യമന്ത്രി പറഞ്ഞു. അതിന് അദ്ദേഹം കാരണം പറഞ്ഞത് ഒരു വീക്കിലിയുടെ മറപിടിച്ചുകൊണ്ട് ഞങ്ങൾ അടിയന്തിര പ്രമേയവുമായി വന്നു എന്നാണ്. കേരളത്തിലെ മുഴുവൻ ജനങ്ങളും, വായിക്കുന്ന, മുഴുവൻ മലയാള പത്രങ്ങളിലും മുഖ്യമന്ത്രിയുടെ ടെലഫോണും ഹൈക്കോടതി ജഡ്ജിയുടെ ടെലഫോണുമായി ബന്ധപ്പെട്ടു എന്ന വാർത്ത ഇന്നും ഇന്നലെയും വന്നുകഴിഞ്ഞു. അത് കൃത്രിമ രേഖയാണ്, വാർത്തവന്നത് കൃത്രിമമാണ് എന്ന് മുഖ്യമന്ത്രി പറയുന്നു. ഇത് പറയാൻ മുഖ്യമന്ത്രിക്കുള്ള അധികാരം എന്താണ്? മുഖ്യമന്ത്രിയ്ക്ക് അതിന് അധികാരമില്ല. ഇത് പറയേണ്ടവർ ഇതുസംബന്ധിച്ച് അന്വേഷണം നടത്തി പറയും. ഇതിന്റെ സത്യാവസ്ഥ കണ്ടുപിടിക്കാൻ ബാദ്ധ്യതപ്പെട്ടത് ടെലഫോൺ ഡിപ്പാർട്ടുമെൻറാണ്. ആ ടെലഫോൺ ഡിപ്പാർട്ടുമെൻറിന്റെ നിഷ്പക്ഷമായ ജോലിയെ സ്വാധീനിക്കാൻ ഈ - സംസ്ഥാനത്തിലെ മുഖ്യമന്ത്രി ഈ നിയമസഭയെ ഉപയോഗിച്ചു. ഈ വാർത്ത കൃത്രിമ

LIBRARY ARCHIVES Kerala Legislative Assembly

മാണ്, വ്യാജമാണ് എന്ന് മുഖ്യമന്ത്രി, പറയുന്നത് ശരിയല്ല. മുഖ്യമന്ത്രി ടെലഫോൺ രേഖ പരിശോധിച്ചിട്ട് അതിനെക്കുറിച്ച് അന്വേഷിച്ചിട്ടില്ല. സ്വയം തീരുമാനിച്ചിട്ട് ഈ രേഖ കൃത്രിമമാണെന്ന് പറഞ്ഞാൽ അതിന്റെ അർത്ഥം ടെലഫോൺ ഡിപ്പാർട്ടുമെന്റിന്റെ നിഷ്പക്ഷമായ അന്വേഷണത്തെപോലും തടയുന്നു എന്നല്ലേ? അതു കൊണ്ട് മുഖ്യമന്ത്രി ഇന്ന് ഇവിടെവച്ച് രാജിവയ്ക്കണം. ഇത് ഈ സർക്കാരിന് ഭൂഷണമല്ല, സകല മാമൂലുകൾക്കും വിരുദ്ധമാണിത്. മുഖ്യമന്ത്രിക്കു നമ്മുടെ നീതിന്യായസ്ഥാപനങ്ങളോട് അൽപ്പമെങ്കിലും ബഹുമാനവും സ്നേഹവും ഉണ്ടെങ്കിൽ ഈ സംസ്ഥാനത്തെ ജനങ്ങളുടെ പേരിൽ ഞാനഭ്യർത്ഥിക്കുന്നു ഇവിടെവച്ച് അങ്ങ് രാജിവയ്ക്കണം. ശ്രീമാൻ കെ.വി. തോമസ് ടെലഫോൺ എക്സ്ചേഞ്ചിൽ പോയതിന് അദ്ദേഹത്തിന്റെ പേരിൽ കേസെടുക്കണം. കേന്ദ്രഗവൺമെന്റിന്റെ ആളുകൾകൂടി ഉൾക്കൊള്ളുന്ന പുറമെനിന്നുള്ള ആളുകളെ കൊണ്ടുവന്ന് സുപ്രീംകോടതി ജഡ്ജിയുടെ സാന്നിദ്ധ്യത്തിൽ ഇതിനെക്കുറിച്ച് അന്വേഷിക്കണം. മുഖ്യമന്ത്രി രാജിവയ്ക്കണം. ഇത്രയും ഗുരുതരമായ ഒരു പ്രശ്നം ചർച്ച ചെയ്യാൻ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ഷൺമുഖദാസും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി).

ശ്രീ. ബേബി ജോൺ: സർ, ബഹുമാന്യനായ മുഖ്യമന്ത്രിയുടെ മറുപടിക്കുശേഷം എന്റെ സംശയം കൂടുകയാണ്. ഈ സംശയം കൂടാൻ കാരണം അദ്ദേഹം പറഞ്ഞത്. 'ഞാൻ ശ്രമിച്ചിട്ടില്ല' എന്ന വാക്കാണ് അതിലാണ് അദ്ദേഹം ഊന്നിനിൽക്കുന്നത്. ഇവിടെ പ്രധാനമായും വന്ന പ്രശ്നം മുഖ്യമന്ത്രിയുടെ ഔദ്യോഗികവസതിയിൽ ഇൻസ്റ്റാൾ ചെയ്തിരിക്കുന്ന ടെലഫോണിൽനിന്ന് ഒരു ഹൈക്കോടതി ജഡ്ജിയുടെ ടെലഫോണിലേക്ക് ബന്ധപ്പെടാൻ ശ്രമിച്ചു എന്നുള്ളതാണ്. അല്ലാതെ ഞാൻ ചെയ്തു ചെയ്തില്ല, എന്നുള്ളതല്ല. കാരം കണക്ട് ചെയ്തത് കൊടുത്തത് ഉദ്യോഗസ്ഥനായിരിക്കും. 'ഞാൻ ചെയ്തില്ല, ഞാൻ ചെയ്തില്ല' എന്ന് ഊന്നൽ കൊടുത്ത് പറയുന്നതോടൊപ്പം സംശയം വർദ്ധിക്കുന്നു. നമ്മുടെ സഭയുടേയും നമ്മുടെ സംസ്ഥാനത്തിന്റേയും മൊക്കെ അന്തസ്സിനും സംസ്കാരത്തിനും ജനാധിപത്യ താൽപ്പര്യം സംരക്ഷിക്കുന്നതിനും ഇത് ആവശ്യമാണ്. എങ്ങനെയെങ്കിലും പ്രതിപക്ഷം ഏതെങ്കിലും രേഖ കൊണ്ടുവന്ന് ഭരണപക്ഷത്തിന്റെ നേരേ ആക്രമണം നടത്തുന്നതല്ല. അങ്ങനെ അങ്ങ് തെറ്റിദ്ധരിക്കരുത്. നമ്മെ എല്ലാം ഒരുപോലെ ബാധിക്കുന്ന, നമ്മുടെ സംസ്കാരത്തേയും നമ്മുടെ ജനാധിപത്യത്തേയും ഒക്കെ ബാധിക്കുന്ന, ഈ പ്രശ്നം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതായിരുന്നു. അദ്ദേഹം അതിന് തയ്യാറായില്ല. അദ്ദേഹം അന്വേഷിക്കുമെന്ന് പറഞ്ഞു. ആ അന്വേഷണം എങ്ങനെയുള്ളതാണെന്ന് വ്യക്തമാക്കണം. ഈ കാര്യം ചർച്ചചെയ്യാൻ അനുമതി നിഷേധിച്ചതിൽ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. ബേബി ജോണും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ചന്ദ്രശേഖരൻ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി അദ്ദേഹത്തിന്റേതായിട്ട് യാതൊന്നുംതന്നെ ഈ സഭയിൽ പറഞ്ഞിട്ടില്ലെന്നുള്ളതു് ഖേദകരമാണു്. ആശ്ചര്യകരമാണു്. നമ്മുടെ സംശയങ്ങൾ അതുകൊണ്ടു് വർദ്ധിക്കുകയാണു്. ഇന്നിവിടെ ഒരു ഭാഗത്തു് ഇല്ലസ്ട്രേറ്റഡ് വീക്കിലിയും മറ്റൊരു ഭാഗത്തു് കെ.വി. തോമസ് എം.പി.യുമാണു്. ഇല്ലസ്ട്രേറ്റഡ് വീക്കിലിയെ പിടിച്ചു് ഞങ്ങൾ പറയുന്നു; കെ.വി. തോമസ് എം.പി.യുടെ 'അലിബി'യിൻമേൽ മുഖ്യമന്ത്രി പറയുന്നു. ഇതിന്റെ മദ്ധ്യത്തിൽ പറയാൻ ഒരാളുണ്ടു്; ഈ സംസ്ഥാനത്തു്. ആ ആളും കേരളത്തിന്റെ ടെലഫോൺസിന്റെ ജനറൽ മാനേജർ ഹിരഗംഗ ആണു്. അദ്ദേഹത്തോടു് ഇതിനെപ്പറ്റി ചോദിച്ചപ്പോൾ അദ്ദേഹം ലളിതമായ രീതിയിൽ ഒരു മറുപടി പറഞ്ഞതു് ഇന്നത്തെ ഇന്ത്യൻ എക്സ്പ്രസ്സിൽ വന്നിട്ടുണ്ടു്. അദ്ദേഹം പറഞ്ഞിരിക്കുന്നു ഇതു് കോടതിയിൽ പോകാനുള്ള സാദ്ധ്യത ഉണ്ടു്, ഇതിനെപ്പറ്റി ഞാൻ ഒന്നുംതന്നെ ഇപ്പോൾ പറയുന്നില്ല എന്നാണു്. ആ ഒരൊറ്റ കാരണത്തിന്റെ അടിസ്ഥാനത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി സംശയത്തിന്റെ മേഖലയിലാണു് ഇന്നു് നിൽക്കുന്നതു്. അദ്ദേഹം രാജിവയ്ക്കേണ്ടതാണു്. ഒരു പൊതുതാൽപ്പര്യം എന്നുള്ള നിലയിൽ ഇതു് ചർച്ച ചെയ്യേണ്ടതാണു്. ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നു പറഞ്ഞ മുഖ്യമന്ത്രിയുടെ നടപടിയിൽ പ്രതിഷേധിച്ചുകൊണ്ടു് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ശ്രീ. കെ. ചന്ദ്രശേഖരനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ടിറങ്ങിപ്പോയി.)

II. ശ്രദ്ധക്ഷണിക്കൽ

(1) തിരുവനന്തപുരത്തു് ആവശ്യമായ നഗര പരിഷ്കരണം

ശ്രീ. ജി. കാർത്തികേയൻ: സർ, കേരള തലസ്ഥാനത്തിന്റെ വളരെയധികം ശോചനീയമായ അവസ്ഥയിലേക്കു് ശ്രദ്ധക്ഷണിക്കുന്നതിനുവേണ്ടിയാണു് ഞാൻ നിൽക്കുന്നതു്. കേവലം 'നഗരം' എന്ന നിലയിൽ മാത്രം തിരുവനന്തപുരം നഗരത്തെ കാണരുതു് എന്നു് അധികാരികളോടു് എനിക്കു് ഒരു അഭ്യർത്ഥനയുണ്ടു്. എല്ലാ നഗരങ്ങളുടേയും പ്രശ്നങ്ങളിൽ ഗവൺമെന്റു് ശ്രദ്ധിക്കണം. കേരളത്തിലെ ജനങ്ങൾ മുഴുവനും പല കാര്യങ്ങൾക്കും വേണ്ടി വരുന്ന, ഒരു സംസ്ഥാനത്തിന്റെ തലസ്ഥാനമെന്ന നിലയിലുള്ള ഒരു നഗരമാണു് തിരുവനന്തപുരം. ഇൻഡ്യക്കു സ്വാതന്ത്ര്യം കിട്ടുന്നതിനുമുൻപും കേരളം ഉടലെടുക്കുന്നതിനുമുൻപും മാത്രം നടത്തിയിട്ടുള്ള ആസൂത്രണങ്ങളുടെ അടിസ്ഥാനത്തിൽ മാത്രം നിലനിൽക്കുന്ന നഗര ജീവിതത്തിന്റെ ഈ അടിയന്തിരാവസ്ഥയിലേക്കു് ഈ ഗവൺമെന്റിന്റെ ശ്രദ്ധയെ ഞാൻ ക്ഷണിക്കുന്നു.

ഏറ്റവും പരിതാപകരമായ ഒരു അവസ്ഥ എന്നു പറയുന്നതു് ഒരു ജനാധിപത്യ സംവിധാനം നമ്മുടെ സംസ്ഥാനത്തു വന്നതിനു ശേഷം കേരള തലസ്ഥാനത്തിന്റെ വികസനത്തിനുവേണ്ടി ആസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ നാം ശ്രദ്ധിച്ചിട്ടില്ലെന്നുള്ളതാണു്,

LIBRARY ARCHIVES Kerala Legislative Assembly